"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് വനം ഡിവിഷന് കീഴിലുള്ള കുറ്റിയാടി റേഞ്ചിൽ ഫോറസ്റ്റ് ഡ്രൈവർ (സീനിയർ ഗ്രേഡ്) ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.സുകുമാരൻ പി.പി-ക്ക് ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.316/2023/F&WLD തീയതി,തിരുവനന്തപുരം, 23-08-2023

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.01.2023-ലെ KFDHQ/175/2023-ADMIN/H2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ, കോഴിക്കോട് വനം ഡിവിഷന് കീഴിലുള്ള കുറ്റിയാടി റേഞ്ചിൽ ഫോറസ്റ്റ് ഡ്രൈവർ (സീനിയർ ഗ്രേഡ്) ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.സുകുമാരൻ പി.പി, ടിയാന്റെ ACL injury (left) knee, medial meniscal bucket handle tear (left) knee ചികിത്സയ്ക്കായി കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന 87,387/- (എൺപത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്തി ഏഴ് ) രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും, ശിപാർശ സഹിതം പരാമർശം കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് വനം ഡിവിഷന് കീഴിലുള്ള കുറ്റിയാടി റേഞ്ചിൽ ഫോറസ്റ്റ് ഡ്രൈവർ (സീനിയർ ഗ്രേഡ്) ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.സുകുമാരൻ പി.പി [PEN:634199], യുടെ ഓർത്തോ സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ 30.05.2021 - 03.06.2021 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന തുകയായ 87,387/- രൂപയുടെ 80% ആയ 69,910/- (അറുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി പത്ത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ),
തിരുവനന്തപുരം ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം )

ശ്രീ.സുകുമാരൻ പി.പി ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ) മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ധന ( ലോൺസ് ) വകുപ്പ് ( 2369616/എൽ1/97/2023/ധന തീയതി- 22.03.2023 പ്രകാരം )

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 23-08-2023 12:19:00
സെക്ഷൻ ഓഫീസർ